# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -255 08.06.2015 ൽ മറുപടിയ്ക്ക്

## ഹക്കീം വധം CBI യെക്കൊണ്ട് ഏറ്റെടുപ്പിക്കാനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കൊറ്റിയിൽ കൊലചെയ്യപ്പെട്ട അബ്ദുൾ ഹക്കീമിന്റെ കൊലപാതകം CBI ക്ക് കൈമാറിയിട്ടും CBI ഏറ്റെടുക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;<br>(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;<br>(സി) ഹക്കീം വധം CBI യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ), (ബി) & (സി) ഹക്കീം വധവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നം. 142/2014 കേസിന്റെ അന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറിക്കൊണ്ട് 14/11/2014-ലെ G.O(MS) No.227/2014/Home പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും 03/12/2014- ൽ പ്രസ്തുത വിജ്ഞാപനം കേന്ദ്ര സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 7.5.2015 ൽ- വീണ്ടും കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തോട് ടി കേസ് CBI യ്ക്ക് കൈമാറിയിട്ടുണ്ടോ എന്ന വിവരം ആരാഞ്ഞിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് CBI യിൽ നിന്നും നാളിതുവരെയായി അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. കേസ്സുകളുടെ ബാഹുല്യം നിമിത്തം സംസ്ഥാന സർക്കാർ റഫർ ചെയ്യുന്ന എല്ലാ കേസ്സുകളും സി.ബി.ഐ.എറ്റെടുക്കാറില്ല. പരാമർശ കേസ്സ് സി.ബി.ഐ. എറ്റെടുത്തിട്ടില്ല എന്ന നിഗമനത്തിൽ പൂർണ്ണമായും എത്തിചേരാൻ ഇപ്പോൾ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ